## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3846 — 24.06.2014 ലെ മറുപടിയ്ക്ക്

### താലൂക്കാശുപത്രികളിലെ കാരുണ്യ ഡയാലിസിസ് കേന്ദ്രങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ് : | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | താലൂക്കാശുപത്രികളിൽ കാരുണ്യ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 19 താലൂക്ക് ആശുപത്രികളിലും 8 ജില്ലാതല ആശുപത്രികളിലും ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നു. ഇതിൽ താലൂക്ക് ആശുപത്രി താമരശ്ശേരി, ജനറൽ ആശുപത്രി തലശ്ശേരി, താലൂക്ക് ആശുപത്രി പരവൂർ എന്നീ ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ആലപ്പുഴ ജില്ലയിൽ കാരുണ്യ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള ആശുപത്രികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ആലപ്പുഴ ജില്ലയിൽ താലൂക്ക് ആശുപത്രി ചേർത്തല, താലൂക്ക് ആശുപത്രി ആലപ്പുഴ എന്നീ ആശുപത്രികളിലാണ് കാരുണ്യ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. |
| (സി) | മാവേലിക്കര മണ്ഡലത്തിൽ കാരുണ്യ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) | മാവേലിക്കര മണ്ഡലത്തിൽ കാരുണ്യ ഡയാലിസിസ് സെന്റർ അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.